**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 55** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>ഇന്ത്യാ റിസർവ് ബറ്റാലിയൻ നിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ഇന്ത്യാ റിസർവ് ബറ്റാലിയൻ പ്രീ-സർവ്വീസ് പരിശീലനകാലയളവ് ഡ്യൂട്ടിയായി കണക്കാക്കാൻ ബന്ധപ്പെട്ട സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** പോലീസ് സേനയിൽ പ്രീ സർവ്വീസ് പരിശീലനമാണ് നൽകി വരുന്നത്. പരിശീലന കാലയളവ് ഡ്യൂട്ടിയായി കണക്കാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനാണ് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുള്ളത്. ഇന്ത്യാ റിസർവ് ബറ്റാലിയൻ രൂപീകരണ ഉത്തരവ് പ്രകാരം പരിശീലനം പൂർത്തിയാക്കി ഇവിടെ നിയമിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർ 10 വർഷം നിർബന്ധിത സേവനം അനുഷ്ഠിക്കേണ്ടതുണ്ട്. അപ്രകാരം 2026 വരെയുള്ള കാലയളവിൽ 10 വർഷം സേവനം പൂർത്തിയാക്കുന്നവരും KCP ബൈട്രാൻസ്ഫറിന് സമ്മതം നൽകിയവരുമായവരുടെ എണ്ണം കൂടി പ്രതീക്ഷിത ഒഴിവുകളിൽ ഉൾപ്പെടുത്തിയാണ് മുൻകൂർ റിക്രൂട്ടമെന്റ് നടത്തുന്നതിന് താല്ക്കാലിക പരിശീലന തസ്തികകൾ അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

**(ബി)** ഐ.ആർ.ബി.യുടെ സ്പെഷ്യൽ റൂൾ പ്രകാരം പരിശീലന കാലയളവ് ഡ്യൂട്ടിയായി കണക്കാക്കി സർക്കാർ ഉത്തരവാകുന്ന പക്ഷം നിലവിൽ സേവനത്തിലുള്ള 6 മുതൽ 9 വരെയുള്ള ബാച്ചുകളിലെ 168 കമാൻഡോകളെ 2028 ഫെബ്രുവരിയിൽ 10 വർഷത്തെ സേവനം പൂർത്തിയാക്കി മറ്റ് വിംഗുകളിലേക്ക് മാറ്റേണ്ടതുണ്ടെന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** (എ) യിൽ ചേർത്തിട്ടുണ്ട്.

**(സി)** കമാൻഡോ വിംഗിലെ ട്രെയിനിംഗ് കാലയളവ് ഏകദേശം രണ്ടു വർഷമാണെന്നിരിക്കെ, 2028-ൽ 168 പേരെ മറ്റ് വിംഗുകളിലേക്ക് മാറ്റുമ്പോഴുണ്ടാകുന്ന ഒഴിവ് നികത്താൻ, നിലവിലെ റാങ്ക് ലിസ്റ്റിൽ (കാ.നം.136/2022) ഉള്ളവർക്ക് നിയമന ശിപാർശ നൽകി ട്രെയിനിംഗിലേക്ക് അയയ്ക്കേണ്ടത് നിയമന നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനും ഐ.ആർ.ബി.യുടെ പ്രവർത്തനം പൂർണ്ണസജ്ജമാക്കുന്നതിനും അനിവാര്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ?

**<u>മറുപടി:</u>** (എ) യിൽ ചേർത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**